81 (1625) നബാർഡിന്റെ സഹായത്തോടെയുള്ള പൊതുമരാമത്ത് പണികൾ

ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നബാർഡിന്റെ സഹായത്തോടെ എത്ര പാലങ്ങളുടേയും റോഡുകളുടേയും പണി നടന്നുകൊണ്ടിരിക്കുന്നുണ്ട്;

(ബി) പൊതുമരാമത്ത് വകുപ്പിലെ പണികൾക്ക് നബാർഡിന്റെ സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) നബാർഡിന്റെ സഹായം ലഭിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള റോഡുകളുടേയും പാലങ്ങളുടേയും ലിസ്റ്റിൽ ഭരണാനുമതി ലഭിക്കാത്തവയുണ്ടോ;

(ഡി) എങ്കിൽ അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഭരണാനുമതി ലഭിക്കാത്ത പണികൾ ചീഫ് എഞ്ചിനീയറുടെ നിർദ്ദേശത്തിൽ ഉൾപ്പെടുത്താൻ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നബാർഡിന്റെ സഹായത്തോടെ 97 പാലങ്ങളുടെ പണി ഏറ്റെടുത്തിട്ടുണ്ട്. നബാർഡിന്റെ ധനസഹായം പി.ഡബ്ല്യു.ഡി. റോഡുകൾക്ക് ഇതുവരെയും ലഭിച്ചിട്ടില്ല.

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും ഉള്ള പാലങ്ങൾക്കാണ് നബാർഡിൽനിന്നും ഇതുവരെ സഹായം ലഭിച്ചിട്ടുള്ളത്. താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് നബാർഡ് ധനസഹായം ലഭ്യമാക്കുന്നത്.

(1) ഗ്രാമീണ റോഡുകൾ, മറ്റു ജില്ലാതല റോഡുകൾ, പ്രധാന ജില്ലാതല റോഡുകൾ എന്നീ വിഭാഗം റോഡുകളാണ് ധനസഹായത്തിനായി പരിഗണിക്കുന്നത്.

(2) ഗ്രാമീണ കാർഷിക മേഖലകൾക്ക് ഗുണകരമായ പദ്ധതികൾക്ക് മുൻതൂക്കം ലഭിക്കും.

(3) പെട്ടെന്ന് നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതായിരിക്കണം പദ്ധതികൾ

(4) പദ്ധതിയുടെ ചെലവ് ക്രമാതീതമാകാൻ പാടില്ല.

(5) പദ്ധതികൾക്കാവശ്യമായ സ്ഥലം ലഭ്യമായിരിക്കണം.

(6) പദ്ധതികൾ അംഗീകൃത സാങ്കേതിക നിലവാരം പുലർത്തുന്നവയായിരിക്കണം.

(സി) ഉണ്ട്.

(ഡി) അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ഇ) ഭരണാനുമതിയില്ലാത്ത പദ്ധതികൾ ധനസഹായത്തിന് സമർപ്പിക്കാൻ പാടില്ലായെന്ന് നബാർഡ് നിഷ്കർഷിച്ചിട്ടില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly